**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1185** **02-02-2026 - ൽ മറുപടിയ്ക്ക്**

**മുതലപ്പൊഴിയിലെ അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ ഇതുവരെ മുതലപ്പൊഴിയിൽ മത്സ്യബന്ധനത്തിനിടെ ഉണ്ടായ അപകടങ്ങളിൽപ്പെട്ട് എത്രപേർ മരണപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; വിശദമാക്കുമോ; | (എ) | 2016 മുതൽ ഇത് വരെ മുതലപ്പൊഴിയിൽ മത്സ്യബന്ധനത്തിനിടെ ഉണ്ടായ അപകടത്തിൽപ്പെട്ട് 32 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും 2 മത്സ്യത്തൊഴിലാളികളെ കാണാതാകുകയും ചെയ്തിട്ടുണ്ട്. ആകെ 453 പേർക്ക് പരിക്കേറ്റിട്ടുണ്ട്. |
| (ബി) | മുതലപ്പൊഴിയിൽ അപകടങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്നതിന്റെ കാരണം എന്താണെന്ന് ശാസ്ത്രീയമായി പഠനം നടത്തി കണ്ടെത്തിയിട്ടുണ്ടോ; പ്രശ്നം പരിഹരിക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; ഇതിനായി എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | (ബി) | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ അഴിമുഖത്ത് മത്സ്യബന്ധന യാനങ്ങൾ അപകടത്തിൽപ്പെടുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി ശാശ്വത പരിഹാരം നിർദ്ദേശിക്കുന്നതിനായി 22/08/2022 തീയതിയിലെ സ.ഉ(സാധാ) നം.660/2022/മതുവ പ്രകാരം പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷനെ (CWPRS) ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് CWPRS സമർപ്പിച്ച സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനും തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കുമായി 177.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള പ്രവൃത്തി പുരോഗമിച്ചു വരുകയാണ്. CWPRS-ന്റെ പഠന റിപ്പോർട്ട് പ്രകാരം പുലിമുട്ടിന്റെ നീളം 425 മീറ്റർ വർദ്ധിപ്പിക്കുന്നതോടുകൂടി മുതലപ്പൊഴി ഹാർബറിന്റെ അഴിമുഖത്ത് ഉണ്ടാകുന്ന അപകടങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്. ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഇൻവെസ്റ്റിഗേഷൻ & മാതൃകാപഠനം, EIA സ്റ്റഡി, CRZ status report, CRZ clearance and scrutiny fee എന്നിവയ്ക്ക് 1,21,58,674/- രൂപ ചെലവായിട്ടുണ്ട്. കൂടാതെ 177 കോടി രൂപയുടെ പദ്ധതിയിൽ ഇതുവരെ ആകെ 8,23,33,041/- രൂപയും ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ